തിരുവനന്തപുരം റൂറൽ എസ്.പി. ഓഫീസിലെ വിജിലൻസ് അന്വേഷണം

49 (803) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം റൂറൽ എസ്.പി. ഓഫീസിനോടനുബന്ധിച്ചുള്ള പാസ്പോർട്ട് ഓഫീസിൽ വിജിലൻസ് വകുപ്പു നടത്തിയ പ്രാഥമികാന്വേഷണത്തിൽ കുറ്റക്കാരെന്ന് കണ്ടെത്തിയവർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചുവോ ;

(ബി) ഈ അന്വേഷണത്തിൽ കുറ്റക്കാർ ആരൊക്കെയാണെന്നാണ് കണ്ടെത്തിയിട്ടുള്ളത് ;

(സി) ഈ കേസുമായി ബന്ധപ്പെട്ടാണോ അന്നത്തെ തിരുവനന്തപുരം റൂറൽ എസ്.പി. യെ സ്ഥലംമാറ്റിയതെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇക്കാര്യത്തിൽ ഇപ്പോൾ ഏത് തരം അന്വേഷണം ആണ് നടക്കുന്നത് ; ഇത് എന്നത്തേയ്ക്ക് പൂർത്തിയാകും ?

ഉത്തരം

(എ&ബി) 6-1-2003-ൽ തിരുവനന്തപുരം റൂറൽ എസ്. പി. ഓഫീസിനോട് അനുബന്ധിച്ചുള്ള ജില്ലാ സ്പെഷ്യൽ ബ്രാഞ്ച് ഓഫീസിൽ വിജിലൻസ് റെയ്ഡ് നടത്തിയ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജില്ലാപോലീസ് സൂപ്രണ്ട് ശ്രീ. ജി. ലക്ഷ്മണയേയും ഡിവൈ.എസ്.പി. ശ്രീ. ഗിരീഷിനേയും സ്ഥലം മാറ്റുകയുണ്ടായി. പോലീസ് കോൺസ്റ്റബിൾമാരായ ശ്രീ. മനു, ശ്രീ. രാജൻ ചെട്ടിയാർ എന്നിവരെ അന്വേഷണ വിധേയമായി സർവ്വീസിൽ നിന്നും സസ്പെന്റു ചെയ്യുകയും ചെയ്തു. ഇക്കാര്യത്തിൽ ഒരു വിജിലൻസ് അന്വേഷണത്തിനും ഉത്തരവായിട്ടുണ്ട്. ആ അന്വേഷണത്തിൽ കുറ്റക്കാരാണെന്ന് കാണുന്നവർക്കെതിരെ നിയമാനുസൃത നടപടി സ്വീകരിക്കുന്നതാണ്.

(സി) അതെ.

(ഡി) ഈ വിഷയത്തിന്മേൽ ഇപ്പോൾ വിജിലൻസ് അന്വേഷണം നടന്നു വരുന്നു. പ്രസ്തുത അന്വേഷണം താമസം കൂടാതെ പൂർത്തിയാകുന്നതാണ്.

വിവിധ കേസുകളിൽ ശിക്ഷിക്കപ്പെട്ട് ജയിലിൽ കഴിയുന്ന സ്ത്രീകൾ

50 (805) ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജയിലുകളിൽ വിവിധ കേസുകളിൽ ശിക്ഷിക്കപ്പെട്ട് കഴിയുന്ന എത്ര സ്ത്രീകളാണുള്ളത് ; ഇതിൽ വിദേശ വനിതകളെത്ര ; കേരളീയരല്ലാത്ത മറ്റു സംസ്ഥാനവാസികളായ വനിതകളെത്ര ;

(ബി) ശിക്ഷാ കാലാവധി പൂർത്തിയാക്കിയിട്ടും ജയിലിൽ മോചനം ലഭിക്കാതെ കഴിയുന്ന വനിതകളുണ്ടെങ്കിൽ അവരുടെ എണ്ണം എത്രയെന്ന് പറയുമോ ;

LIBRARY ARCHIVES Kerala Legislative Assembly